**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3910** **28-06-2024 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിക്ക് അനുയോജ്യമായ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള അനുബന്ധ നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (എ) | ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് മുന്നിൽ കണ്ട് 2022-23 ലെ ബജറ്റിൽ സംസ്ഥാനത്ത് 4 ഐ.ടി. കോറിഡോറുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ ആദ്യ കോറിഡോറായ ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ 20 സ്ഥലങ്ങളിലായി 803 ഏക്കർ ഭൂമി കണ്ടെത്തിയെങ്കിലും, സർക്കാർ രൂപീകരിച്ച കമ്മിറ്റി സ്ഥല പരിശോധന നടത്തി ആറ് (6) സ്ഥലങ്ങളിലായി 200 ഏക്കർ ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. ഐ.ടി. കോറിഡോറിനായി കണ്ടെത്തിയ ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ